**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2426**
**08.03.2017 ലെ മറുപടിയ്ക്ക്**
**ആരോഗ്യ വകുപ്പിലെ ഓഡിറ്റ് പരിശോധന**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.മോൻസ് ജോസഫ്** | | ബഹു: ധനകാര്യവും കയറും വകുപ്പമന്ത്രി<br>**ഡോ: ടി. എം. തോമസ് ഐസക്** |
| എ | തിരുവനന്തപുരം ജില്ലയിലെ ഹോസ്പിറ്റൽ മാനേജ്മെൻറ് കമ്മിറ്റിയുടെ കണക്കുകൾ സംസ്ഥാന ഓഡിറ്റ് വകുപ്പ് പരിശോധിക്കാറുണ്ടോ. വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | തിരുവനന്തപുരം ജില്ലയിലെ ഹോസ്പിറ്റൽ മാനേജ്മെൻറ് കമ്മിറ്റിയുടെ കണക്കുകൾ സംസ്ഥാന ഓഡിറ്റ് വകുപ്പ് പരിശോധിക്കാറുണ്ട്. ആകെയുള്ള 212 ഹോസ്പിറ്റൽ മാനേജ്മെൻറ് കമ്മിറ്റികളിൽ 2015-16 ൽ 75 കമ്മറ്റികൾ അക്കൗണ്ട് സമർപ്പിച്ചു. 58 ഹോസ്പിറ്റൽ മാനേജ്മെൻറ് കമ്മിറ്റികളുടെ ഓഡിറ്റ് നടത്തുകയും ചെയ്തു. 2017 ജനുവരി വരെ ഓഡിറ്റ് നടത്തിയ ഹോസ്പിറ്റൽ മാനേജ്മെൻറ് കമ്മിറ്റികളുടെ റിപ്പോർട്ടുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. വരവ് ചെലവ് കണക്കുകൾ ലഭ്യമാക്കാത്ത ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയ്ക്ക് ആയത് സമർപ്പിക്കുവാൻ നിർദേശം ഓഡിറ്റ് വകുപ്പ് നൽകിയിട്ടുണ്ട്. |
| ബി | തിരുവനന്തപുരം മെഡിക്കൽ കോളേജ്, ജനറൽ ആശുപത്രി, സി.ഡി.എച്ച് പുലയനാർക്കോട്ട, മെഡിക്കൽ കോളേജ് യൂണിറ്റ് പാങ്ങപ്പാറ, വക്കം എന്നിവിടങ്ങളിൽ ആഡിറ്റ് നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ. ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ? | തിരുവനന്തപുരം മെഡിക്കൽ കോളേജ്, ജനറൽ ആശുപത്രി, സിഡിഎച്ച് പുലയാനാർകോട്ട, മെഡിക്കൽ കോളേജ് യൂണിറ്റ് പാങ്ങപ്പാറ , വക്കം എന്നിവിടങ്ങളിൽ ആഡിറ്റ് നടത്തിയിട്ടില്ല. 18.08.2016 ലെ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നത തല മോണിട്ടറിംഗ് കമ്മിറ്റി യോഗ തീരുമാന പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 2015-16 വരെയുള്ള ഓഡിറ്റ് സമയബന്ധിതമായി പൂർത്തിയാക്കാൻ വിവിധ ഓഫീസുകളിലെ ജീവനക്കാരെ പുനർവിന്യസിച്ചതിനാൽ മറ്റു സ്ഥാപനങ്ങളിലെ ഓഡിറ്റ് പൂർത്തിയാക്കാൻ കാലതാമസം നേരിട്ടു. ഓഡിറ്റ് പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ